## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1422 — 20.01.2014-ൽ മറുപടിയ്ക്ക്

## റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, പാലോട് രവി<br>,, വി.റ്റി.ബൽറാം<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;<br>(സി) എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതുവഴി ലഭിക്കുന്നത് ; വിശദമാക്കുമോ ; | **(ബി)&(സി):**<br>കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡുവികസന പദ്ധതിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള റോഡുകളാണ് നിർമ്മിക്കുന്നത്. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതികളിൽ റോഡുകളുടെ 15 വർഷത്തേക്കുള്ള പരിപാലനം സ്വകാര്യ പങ്കാളിയിൽ നിക്ഷിപ്തമായിരിക്കും. ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, വാഹന യാത്രക്കാരുടെ സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, ഉന്നത നിലവാരത്തിലുള്ള സ്ട്രീറ്റ്ലൈറ്റുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യവും നടപ്പാക്കുക, ഓടുപാകിയ നടപ്പാതകൾ നിർമ്മിക്കുക, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടുകളും വച്ച് പിടിപ്പിക്കൽ, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.<br>അന്തർദ്ദേശീയ തലത്തിൽ 363 കി.മീ 6 പ്രധാന റോഡുകൾ കെ.എസ്.ടി.പി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സുഗമവും, സുരക്ഷിതവുമായ ഡ്രൈവിങ്, വാഹനങ്ങൾക്കും, കാൽനടയാത്രക്കാർക്കും യാത്രാസൗകര്യം ഉറപ്പുവരുത്തുക, അപകടനിരക്ക് കുറയ്ക്കുക, ദീർഘകാലം ഈടു നിൽക്കുന്ന റോഡുകൾ നിർമ്മിക്കുക, വാഹന പരിപാലന ചെലവ് കുറയ്ക്കുക, യാത്രാസമയം കുറയ്ക്കുക എന്നിവ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങളാണ്.<br>പൊതുമരാമത്ത് വകുപ്പിന്റെ വിവിധ തലത്തിലൂടെ നിലവാരത്തിലുള്ള റോഡുകളുടെ ഉപരിതലം നവീകരിച്ചും |

| | | |
|---|---|---|
| | | ഘട്ടമായി ദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സുഗമമായും സുരക്ഷിതമായും വാഹനഗതാഗതത്തിന് ഉതകുന്ന ഒരു പ്രതലമാണ് ഇതിന്റെ പ്രധാന ലക്ഷ്യം. കൂടാതെ റോഡ് നല്ല രീതിയിൽ ബലപ്പെടുത്തുന്നത് വഴി വർഷം തോറും റോഡ് മെയിന്റനൻസിനായി വേണ്ടി വരുന്ന തുകയും മറ്റ് അനുബന്ധകാര്യങ്ങളും ലഘൂകരിക്കാനാതാണ്. റോഡിന്റെ പ്രതലം ബി.എം.ബി.സി ഉപയോഗിച്ച് ബലപ്പെടുത്തുന്നതിന് പുറമെ റോഡ് മാർക്കിംഗ്, സുരക്ഷാ ബോർഡുകൾ, മറ്റ് റോഡ് ഫർണിച്ചറുകൾ എന്നിവയാണ് വിഭാവനം ചെയ്യുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ ? | (ഡി) കോഴിക്കോട് നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെട്ട 6 റോഡുകളുടെ സ്ഥലമേറ്റെടുപ്പ് പൂർത്തിയായി. പദ്ധതിയുടെ ഭരണാനുമതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എറണാകുളം, കോട്ടയം, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ, കൊല്ലം എന്നീ നഗര റോഡു വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽപ്പെട്ട കാസർഗോഡ്-കാഞ്ഞങ്ങാട് (27.78 കി.മീ), പിലാത്തറ-പാപ്പിനിശ്ശേരി (20.9 കി.മീ) തലശ്ശേരി-വളവുപാറ (54 കി.മീ) എന്നീ റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2.3 കി.മീ ദൈർഘ്യം വരുന്ന തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. എം.സി റോഡിന്റെ ഭാഗമായ ഏറ്റുമാനൂർ-മൂവാറ്റുപുഴ വരെയുള്ള 42 കി.മീ റോഡ് പ്രവൃത്തിയുടെ എഗ്രിമെന്റ് വെച്ചുകഴിഞ്ഞു. ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള 45 കി.മീ റോഡിന്റെ നിർമ്മാണ കരാർ നൽകി കഴിഞ്ഞു. പൊൻകുന്നം-തൊടുപുഴ റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ ദർഘാസുകൾ സൂക്ഷ്മ പരിശോധനയിലാണ്. പുനലൂർ-പൊൻകുന്നം (82 കി.മീ) റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.<br>പൊതുമരാമത്ത് റോഡ്സിന്റെ പ്രവൃത്തികൾ ഓരോ വർഷവും ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ